(സി) ബ്രഹ്മപുരം നിലയത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റിന് എന്തുതുക ചെലവാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഉൽപ്പാദന ചെലവ് ചുരുക്കുവാൻ എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ബോർഡ് ആലോചിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 106.60 മെഗാവാട്ട്.

(ബി) 1997-98-ൽ സ്ഥാപിതശേഷിയുടെ 13 ശതമാനവും 1998-99-ൽ സ്ഥാപിതശേഷിയുടെ 28.8 ശതമാനവും, 1999-2000-ൽ (4/99, 5/99) സ്ഥാപിത ശേഷിയുടെ 46.6 ശതമാനവും വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

(സി) 1999 മാർച്ച് മാസത്തെ കണക്കനുസരിച്ച് യൂണിറ്റൊന്നിന് 2 രൂപ 95 പൈസയാണ് ഉൽപ്പാദന ചെലവായി കണക്കാക്കിയിട്ടുള്ളത്. പ്ലാന്റ് ലോഡിൽ വരുന്ന വ്യത്യാസം അനുസരിച്ച് ഉൽപ്പാദന ചെലവിൽ വ്യത്യാസം വരാം.

(ഡി) ഉണ്ട്.

(ഇ) ജനറേറ്ററുകൾ തുടർച്ചയായി ഉയർന്ന ലോഡ് ഫാക്ടറിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കക്കാട് ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം

137 (920)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കക്കാട് ജലവൈദ്യുത പദ്ധതിയുടെ ട്രയൽ റൺ നടത്തിയിരുന്നോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും അന്നത്തെ അതിന്റെ ബഡ്ജറ്റ് എത്രയായിരുന്നുവെന്നും വിശദീകരിക്കുമോ;

(സി) ഇതിന്റെ നിർമ്മാണത്തിനുവേണ്ടി ഇതുവരെ എന്തുതുക മൊത്തം ചെലവായിട്ടുണ്ടെന്നും എത്ര തവണ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ മൊത്തം എന്തുതുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ എത്ര മെഗാവാട്ട് വൈദ്യുതി ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കക്കാട് ജല വൈദ്യുത പദ്ധതിയുടെ ട്രയൽ റൺ (മെക്കാനിക്കൽ സ്പിന്നിംഗ്) 1999 ജൂൺ മാസം 9-ാം തീയതി നടത്തി.

(ബി) ഈ പദ്ധതിയ്ക്ക് 1976-ൽ പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം കിട്ടി. ഈ പദ്ധതിയ്ക്കുവേണ്ടി 1979 മാർച്ചിൽ ടെണ്ടർ വിളിക്കുകയും 1980 ഫെബ്രുവരി മാസം പണികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഒറിജിനൽ എസ്റ്റിമേറ്റ് തുക 1860 ലക്ഷം രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കക്കാട് ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി 144.49 കോടി രൂപ 4/99 വരെ ചെലവായി. പദ്ധതിയുടെ എസ്റ്റിമേറ്റ് 1987-ൽ 66.90 കോടി രൂപയായും 1993-ൽ 98.69 കോടി രൂപയായും പുതുക്കി നിശ്ചയിക്കുകയുണ്ടായി.

(ഡി) നിർമ്മാണം പൂർത്തിയാകുമ്പോൾ ഏകദേശം 150 കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും.

ജനറേറ്റർ മാറ്റാൻ തീരുമാനം

138 (921)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ വൈദ്യുതി നിലയങ്ങളിലെ ജനറേറ്റർ മാറ്റാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ബാലാനന്ദൻ കമ്മിറ്റി നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത കമ്മിറ്റി ജനറേറ്ററുകളുടെ സ്പെയർ പാർട്സ് മാറ്റിയാൽ മതിയെന്ന് ശുപാർശ ചെയ്തതിനുശേഷവും ജനറേറ്റർ മാറ്റാൻ തീരുമാനമെടുക്കാനുണ്ടായ കാരണമെന്താണ്;

(ഡി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പ്രോജക്ടുകളുടെ ജനറേറ്റർ മാറ്റുവാൻ ബി.എച്ച്.ഇ.എൽ. നൽകിയ ഓഫർ എത്രയാണ്;

(ഇ) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനി നൽകിയ ഓഫർ എത്രയാണ്;

(എഫ്)ഇതിൽ ആർക്കാണ് ജനറേറ്റർ മാറ്റുന്നതിനുള്ള ഉത്തരവ് നൽകിയത്;

ഉത്തരം

(എ) ഈ സ്റ്റേഷനുകളിലെ എല്ലാ ജനറേറ്ററുകളും മാറ്റാൻ തീരുമാനമെടുത്തിട്ടില്ല.

(ബി) ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) 2/97ലാണ് പ്രസ്തുത കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയത്. 10.8.1995ൽ ഒപ്പിട്ട ധാരണാപത്രത്തെ തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 24/2/1996ലാണ് എസ്.എൻ.സി. ലാവലിനുമായി ഇതിനുള്ള കരാർ ഒപ്പിട്ടത്.

(ഡി) ഈ ജോലിക്ക് ടെണ്ടർ ക്ഷണിച്ചിരുന്നില്ല. 10/8/95ൽ എസ്. എൻ.സി.യുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കരാർ നൽകിയത്.

(ഇ) 73.058 ദശലക്ഷം കനേഡിയൻ ഡോളറാണ് ഫോറിൻ കോമ്പണന്റ്.

(എഫ്)പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണ ജോലികൾ എസ്.എൻ.സി., ലാവലിനാണ് നൽകിയത്.

201/2010.

LIBRARY ARCHIVES Kerala Legislative Assembly